സി.എം റഫീഖ് കോക്കൂർ

# സ്ഥിരമായി ചെയ്യുന്ന സത്കർമങ്ങളാണ് അല്ലാഹുവിനിഷ്ടം

عَنْ عَائِشَةَ رَضِيَ اللهُ عَنْهَا أَنَّ النَّبِيَّ ﷺ قَالَ: يَا أَيُّهَا النَّاس خُذُوا مِنَ الْأَعْمَالِ مَا تُطِيقُونَ فَإِنَّ اللهَ لا يَمَلُّ حَتَّى تَمَلُّوا ، وَ اِنَّ أَحَبَّ الْأَعْمَالِ اِلَى اللهِ مَا دَامَ وَ اِنْ قَلَّ (بخاري)

ആഇശ(റ)യിൽ നിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: "ജനങ്ങളേ! സൽപ്രവൃത്തികളിൽ നിങ്ങൾക്ക് സാധ്യമാകുന്നത് ചെയ്യുക. നിശ്ചയം, നിങ്ങൾക്ക് മടുപ്പ് തോന്നുംവരെ അല്ലാഹുവിന് മടുക്കുകയില്ല. ഒരു പ്രവൃത്തി അതെത്ര കുറച്ചാണെങ്കിലും സ്ഥിരതയോടെ ചെയ്യുന്നതാണ് അല്ലാഹുവിനിഷ്ടം" (ബുഖാരി).

വിശ്വാസി സമയത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഗൗരവബോധമുള്ളവനാകണം. ഇഹലോകം ഒരേ സമയം പരീക്ഷണ ലോകവും കർമലോകവുമാണ്. വർഷമോരോന്ന് പിന്നിടുന്തോറും കർമലോകത്തോട് നാം വിട പറഞ്ഞുകൊണ്ടേയിരിക്കുകയാണ്.

എന്നാൽ പലരും സമയത്തെക്കുറിച്ച് അത്ര സാരമായി ചിന്തിക്കുന്നില്ല. അവർ സ്വന്തം സമയത്തെ വൃഥാവിലാക്കുന്നതോടൊപ്പം, മറ്റുള്ളവരുടെ സമയത്തെ പാഴാക്കുകയും ചെയ്യുന്നു. കർമ നൈരന്തര്യമാണ് ഇസ്‌ലാം വിശ്വാസിയിൽ നിന്നാവശ്യപ്പെടുന്നത്. എപ്പോഴും പ്രവർത്തന നിരതനായിരിക്കാൻ അത് ആവശ്യപ്പെടുന്നു. "ഒരു കർമത്തിൽ നിന്ന് വിരമിച്ചാൽ മറ്റൊന്നിൽ നിരതനാകുക. നിന്റെ നാഥനിൽ പ്രതീക്ഷയർപ്പിക്കുക" (സൂറഃ *അശ്ശർഹ്* 7,8) എന്നാണ് ഖുർആന്റെ ആഹ്വാനം.

കർമം വലുതാകാം. ചെറുതാകാം. ഓരോരുത്തർക്കും സാധ്യമാകുന്നതാണ് ചെയ്യേണ്ടത്. മടുപ്പോടും, ഭാരത്തോടും കൂടി ചെയ്യുന്ന അധിക പ്രവൃത്തികളേക്കാൾ, പൂർണ മനസ്സോടും ആവേശത്തോടും താൽപര്യത്തോടും കൂടി ചെയ്യുന്ന കുറഞ്ഞ പ്രവൃത്തികളാണ് അല്ലാഹുവിനിഷ്ടം. അത് സ്ഥിരതയോടെ ചെയ്യണമെന്ന് മാത്രം.

ബനൂ അസദ് ഗോത്രത്തിൽ നിന്നുള്ള ഒരു സ്ത്രീ തന്റെ അടുത്തിരിക്കുമ്പോൾ ഉണ്ടായ ഒരു സംഭവം ആഇശ (റ) വിശദീകരിക്കുന്നു. പ്രവാചകൻ, ആഇശ (റ)യോട് അവരാരാണെന്ന് അന്വേഷിച്ചു. 'രാത്രി മുഴുവൻ പ്രാർഥിക്കുന്ന സ്ത്രീയാണവർ' എന്ന് ആഇശ (റ) പറഞ്ഞു: "ഓരോരുത്തരും, തനിക്ക് കഴിവുള്ള ജോലി മാത്രമേ ചെയ്യേണ്ടതുള്ളൂ. സ്ഥിരതയുള്ള ഭക്തിയാണ് അല്ലാഹുവിന് പ്രിയങ്കരം" (മുസ്‌ലിം).

മറ്റൊരിക്കൽ പ്രവാചകൻ (സ) ഇങ്ങനെ പറഞ്ഞു: "നിങ്ങൾ ആരാധനകളിൽ മധ്യമ നിലപാട് സ്വീകരിക്കുക. കഴിയുന്ന രീതിയിൽ ആരാധനകളർപ്പിച്ച് അല്ലാഹുവിലേക്കടുക്കുക. പ്രഭാതത്തിലും പ്രദോഷത്തിലും രാത്രിയിൽ കുറച്ച് സമയത്തും നിങ്ങൾ ആരാധനകളർപ്പിക്കുക. അതിൽ നിങ്ങൾ മധ്യമ നിലപാട് പുലർത്തുകയും ചെയ്യുക. എങ്കിൽ അല്ലാഹുവിന്റെ തൃപ്തി നിങ്ങൾക്ക് കരസ്ഥമാക്കാം" (ബുഖാരി, മുസ്‌ലിം).

ദിവസത്തിന്റെ തുടക്കം വളരെ പ്രധാനമാണ്. ഉഷസ്സിൽ എഴുന്നേൽക്കുന്നവരാകണം വിശ്വാസികൾ. നേരത്തെ എഴുന്നേൽക്കുന്നത് ദിവസം നന്നായി തുടങ്ങാൻ അനുപേക്ഷണീയമാണ്. സവിശേഷമായ അനുഗ്രഹവും അത്തരക്കാർക്കായിരിക്കും. 'ഉഷസ്സിൽ എഴുന്നേൽക്കുന്നത് എന്റെ സമുദായത്തിന് ഐശ്വര്യമുള്ളതാക്കൂ നാഥാ' എന്ന് നബി(സ) സദാ പ്രാർഥിക്കുമായിരുന്നു.

ഫാത്വിമ (റ) പറയുന്നു. ഒരിക്കൽ ഉദയത്തിന് ശേഷം ഞാനുറങ്ങുന്നത് കണ്ട പ്രവാചകൻ എന്നെ കാലുകൊണ്ട് തട്ടിവിളിച്ചു. എന്നിട്ടിങ്ങനെ പറഞ്ഞു: "മകളേ എഴുന്നേൽക്കൂ. എന്നിട്ടല്ലാഹുവിന്റെ അനുഗ്രഹമെന്തെന്ന് കാണൂ. അശ്രദ്ധ കാട്ടരുത്. ഉഷസ്സ് തൊട്ട് ഉദയം വരെയാണ് അല്ലാഹു ജീവിതാനുഗ്രഹങ്ങൾ ചൊരിയുന്നത്" (ബൈഹഖി).

അല്ലാഹുവിനെക്കുറിച്ച സ്മരണയോടെയാകണം നമ്മുടെ ഓരോ പ്രവർത്തനവും. സമയത്തെയോ കാലത്തെയോ ഒരിക്കലും പഴിക്കരുത്. സമയം നിഷ്പക്ഷമാണ്. നമ്മുടെ കർമങ്ങളാണ് അതിനെ നല്ലതോ ചീത്തയോ ആക്കുന്നത്. നബി(സ) പറയുന്നു: "ആദം സന്തതി സമയത്തെ പഴിക്കുമ്പോൾ, അല്ലാഹുവിനെയാണ് പഴിക്കുന്നത്. അല്ലാഹു തന്നെയാണ് സമയം. അവനാണ് കാര്യങ്ങളുടെ കടിഞ്ഞാൺ പിടിക്കുന്നത്. അവനാണ് ദിനരാത്രങ്ങളുടെ ചംക്രമണ ഹേതു" (അബൂദാവൂദ്). ●